ലഭിക്കുകയും ഉള്ളതിൽ അല്ലാഹു സംതൃപ്തി പ്രദാനം ചെയ്യുകയും ചെയ്തിട്ടുള്ള വ്യക്തി വിജയിച്ചിരിക്കുന്നു (മുസ്‌ലിം). ധൂർത്തിന്റേയും ആർഭാടചിന്തയുടേയും ഒരു പ്രകടനവുമില്ലാത്ത വ്യക്തിയുടേതാണ് ഈ വിജയം.

ദാരിദ്ര്യത്തിൽ ഞെരുങ്ങിയമരുന്നതിനേക്കാളും ഗുരുതരമായ ഭവിഷ്യത്താണ് സാമ്പത്തിക ഭദ്രത പ്രാപിക്കുന്ന സമൂഹത്തിൽ ആഡംബര ചിന്തകൾ കൊണ്ടുണ്ടാകുന്നത് എന്ന നബിയുടെ വാക്യം ശ്രദ്ധേയമാണ്. “അല്ലാഹുവാണ് സത്യം, നിങ്ങൾക്ക് ഞാൻ ദാരിദ്ര്യത്തെ ഭയപ്പെടുന്നില്ല. മുൻഗാമികൾക്കുണ്ടായപോലെ ഐഹിക വികസനം നിങ്ങൾക്കും ലഭിക്കുമോ എന്ന ആശങ്കയാണെനിക്ക്. അപ്പോൾ അവരുടേത്പോലെ നിങ്ങളും മത്സരിക്കുകയും അവരെപ്പോലെ നിങ്ങളും നശിക്കുകയും ചെയ്യും (ബുഖാരി).

വിശ്വാസത്തിന്റെ തങ്കതിളക്കത്തിൽ വിശാലമായിരിക്കേണ്ട മനസ്സിന് ഐഹിക ജീവിതത്തിന്റെ നൈമിഷികതയും നിസ്സാരതയും ബോധ്യപ്പെടുമ്പോൾ മാത്രമേ ധൂർത്തും ആഡംബരവും മാറ്റി നിർത്താൻ കഴിയുള്ളൂ. ആഡംബര പ്രമത്തതയില്ലാത്ത മനുഷ്യന് അഴിമതി, കൈക്കൂലി, ചൂഷണം, ചൂതാട്ടം, സ്ത്രീധനം തുടങ്ങിയ അവിഹിത പണസമ്പാദനത്തിന്റെ മാർഗം അവലംബിക്കേണ്ടി വരില്ല; തീർച്ച. അല്ലാഹു അനുഗ്രഹിക്കട്ടെ.

ഇസ്‌ലാമിക സംസ്കാരത്തിന്റെ മഹിതമായ കാഴ്ചപ്പാടുകൾ ചർച്ച ചെയ്യുവാനും കഴിവതും സ്വാംശീകരിക്കുവാനുള്ള അവബോധം സമൂഹത്തിൽ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2008 ഫെബ്രുവരി 7മുതൽ 10 വരെ വയനാട് ജില്ലയിലെ പനമരത്ത് വച്ച് നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനത്തിലേക്ക് താങ്കൾക്കും കുടുംബത്തിനും സ്വാഗതം.

ISLAM FOR JUSTICE & GOODNESS
MUJAHID 7th STATE CONFERENCE WAYANAD
2008 FEBRUARY 7,8,9,10
ADMINISTRATIVE OFFICE: MARKAZUDA`WA, R M ROAD, KOZHIKODE -2 Ph: 0495 2701595,2701804 emil:conf@keralamuslim.org
RECEPTION COMMITTE OFFICE: NEAR SALAFI MASJID KALPATTA, WAYANAD, Ph: 04936-314566



## ആമുഖം

‘ഇസ്‌ലാം നീതിക്ക് നന്മയ്ക്ക്’ എന്ന പ്രമേയം അടിസ്ഥാനമാക്കി മനുഷ്യ സമൂഹത്തെ ദൈവ വിചാരത്തിലേക്കും ധർമ നിഷ്ഠയിലേക്കും ക്ഷണിക്കുന്ന ഒരു കാമ്പയിന്റെ ഭാഗമാണ് 2008 ഫെബ്രുവരി 7,8,9,10 തിയ്യതികളിൽ നടക്കുന്ന ഏഴാമത് മുജാഹിദ് സംസ്ഥാന സമ്മേളനം.

ഈ മഹത്തായ സമ്മേളനത്തിന്റെ പ്രചാരണാർഥവും മുജാഹിദ് പ്രസ്ഥാനത്തിന്റെ ആശയാദർശങ്ങളുടെ സന്ദേശമായും പ്രസിദ്ധീകരിക്കുന്ന ലഘുകൃതികളിൽ രണ്ടാമത്തേതാണ് ഇത്.

മതങ്ങളുടെയും ജാതികളുടെയും പേരിൽ മനുഷ്യരെ അകറ്റി നിർത്താനും തമ്മിലടിപ്പിക്കാനും നടത്തുന്ന ശ്രമങ്ങൾക്കെതിരെ നിലകൊള്ളുകയും മനുഷ്യരെല്ലാം ഒരേ മാതാപിതാക്കളുടെ മക്കളാണെന്നും ദേശ - ഭാഷ - വർണ വ്യത്യാസങ്ങൾക്കതീതമായി മനുഷ്യർ അല്ലാഹുവിന്റെ സൃഷ്ടികളാണെന്നും ഉദ്ഘോഷിക്കുന്ന സൗഹൃദ സംഗമമാണിത്.

തീവ്രവാദവും ഭീകരവാദവും സമൂഹത്തിന് ശാപമാണെന്നും മനുഷ്യനെ പരസ്പരം സ്നേഹിക്കാനാണ് യഥാർഥ മതം പ്രേരിപ്പിക്കുന്നതെന്നും ഈ സമ്മേളനം പ്രഖ്യാപിക്കുന്നു.

ഈ കാമ്പയിന്റെ ഭാഗമായി കേരളത്തിനകത്തും പുറത്തും പ്രഭാഷണ പരിപാടികൾ, സെമിനാറുകൾ, സ്ക്വാഡ് വർക്കുകൾ, ആശയ സംവാദങ്ങൾ തുടങ്ങിയവ നടത്തിവരികയാണ്.

കാമ്പയിന്റെ സമാപന പൊതു സമ്മേളനം വയനാട്ടിലെ പനമരത്ത് പ്രത്യേകം സജ്ജമാക്കിയ പന്തലിൽ വച്ച് നടക്കുകയാണ്. അരലക്ഷം സ്ഥിരം പ്രതിനിധികളും മൂന്നു ലക്ഷത്തോളം പൊതു ജനങ്ങളും ഈ സമ്മേളനത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷ.

സൗകര്യപ്പെടുന്ന ഒരു ദിവസമെങ്കിലും ഈ സമ്മേളന പരിപാടികൾ വീക്ഷിക്കാനും ഈ കൂട്ടായ്മയിൽ പങ്കാളിയാവാനും താങ്കളെ സ്നേഹപൂർവം ക്ഷണിക്കുകയാണ്.

കോഴിക്കോട് ജനറൽ കൺവീനർ
10-12-2007

# ജീവിത വീക്ഷണം

അല്ലാഹു നിശ്ചയിച്ചിരിക്കുന്ന സന്മാർഗ ദർശന(ഹുദാ)മാണ് മനുഷ്യന്റെ ഇഹ പര ജീവിതത്തിന്റെ നിദാനം. അതനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് അനശ്വരമായ മരണാനന്തര ജീവിതം ലഭിക്കുമെന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. ഇവിടെ അവൻ നിശ്ചയിച്ചിരിക്കുന്നത് ശാന്തി പൂർണമായ ജീവിതവും. മനസ്സിന്റെ ശാന്തിയാണ് യഥാർഥ ജീവിതൈശ്വര്യം. വിശ്വാസം, കർമാനുഷ്ഠാനങ്ങൾ ഇവപോലെ തന്നെ അല്ലാഹു നിശ്ചയിച്ച ജീവിതശൈലിയും പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്.

മുഹമ്മദ് നബി(സ) പഠിപ്പിക്കുന്ന ജീവിത വീക്ഷണം ആദർശ-ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി കാണേണ്ടതുണ്ട്. ജീവിതത്തെ എങ്ങനെ നാം നോക്കിക്കാണുന്നുവെന്നത് മരണം വരെ നീണ്ടു നിൽക്കുന്ന ഓരോ പ്രവർത്തനത്തിലും പ്രതിഫലിക്കും. വളരെ ലളിതമായ ജീവിത വീക്ഷണമാണ് മുസ്‌ലിമിന് ഖുർആൻ പരിചയപ്പെടുത്തുന്നത്. "നിങ്ങൾക്ക് വല്ലതും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഐഹിക ജീവിതത്തിന്റെ സുഖഭോഗവും അലങ്കാരവും മാത്രമാകുന്നു. അല്ലാഹുവിന്റെ പക്കലുള്ളത് കൂടുതൽ ഉത്തമവും നീണ്ടു നിൽക്കുന്നതുമത്രെ" (28 : 60). വിശുദ്ധ ഖുർആനിന്റെ ഈ ആഹ്വാനം, നിറം പിടിപ്പിച്ച ജീവിതാലങ്കാരങ്ങളിൽ ഭ്രമിച്ചു പോകാതിരിക്കാനുള്ള മുന്നറിയിപ്പുകൂടിയാണ്. ലളിത ജീവിത വീക്ഷണത്തെ ഇത് ശാക്തീകരിക്കുകയും ചെയ്യുന്നു.

മുഹമ്മദ് നബി ഐശ്വര്യപൂർണമായ ജീവിതത്തിന് നൽകിയിരിക്കുന്ന നിർവചനം നോക്കൂ. "വല്ലവനും സ്വന്തം വീട്ടിൽ സുരക്ഷിതത്വവും ശരീരത്തിന് ആരോഗ്യവും ഓരോ ദിവസത്തേക്കും ആവശ്യമുള്ള ഭക്ഷണവും ഉണ്ടെങ്കിൽ ഈ ലോകം മുഴുവൻ നേടിയവനെപോലെയാണവൻ." എത്ര ഉദാത്തമായ ജീവിത വീക്ഷണം!

മനുഷ്യന്ന് ജീവിതത്തിനാവശ്യമായ വിഭവ സമാഹരണത്തിനുള്ള ശേഷിയും സൗകര്യവും ഈ ഭൂമിയിൽ അല്ലാഹു സംവിധാനിച്ചിരിക്കുന്നുവെന്ന് ഖുർആൻ സൂചിപ്പിക്കുന്നു (2:36) താൻ സമ്പാദിക്കുന്നതും തനിക്ക് പൈതൃകമായി ലഭിച്ചതുമായ സമ്പത്ത് ജീവിതത്തിന്റെ ആധാരമാണെന്ന വസ്തുതയും ഖുർആൻ (4:5) അംഗീകരിക്കുന്നു. അതോടൊപ്പം തന്റെ ജീവിതത്തിനാവശ്യമായ ധനവിനിയോഗത്തെപ്പറ്റി സൂചിപ്പിച്ചിടത്തെല്ലാം ഖുർആൻ നിഷ്കർഷിച്ച ഒരു കാര്യമുണ്ട്. 'നിങ്ങൾ അതിരു കവിയരുത്' എന്നതാണ് ആ നിർദേശം.



അല്ലാഹു പറയുന്നു. 'ആദമിന്റെ മക്കളേ (മനുഷ്യരേ), എല്ലാ ആരാധനാവേളകളിലും നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക. നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല (7:31). മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനാവശ്യങ്ങളായ അന്ന പാനീയങ്ങളിലും വസ്ത്രധാരണത്തിലും പോലും അമിത വ്യയവും ധൂർത്തും അരുത് എന്നത് വ്യക്തമായ ജീവിത വീക്ഷണമാണ്.

സമ്പത്തിന്റെ ആധിക്യവും ആഡംബരപ്രിയവുമാണ് ധനം ദുർവിനിയോഗം ചെയ്യാനും ധൂർത്തടിക്കാനും മനുഷ്യനെ പ്രേരിപ്പിക്കുന്നത്. ധൂർത്ത് ദാരിദ്ര്യത്തിലേക്ക് നയിക്കും. അടങ്ങാത്ത ആഡംബര തൃഷ്ണയാകട്ടെ അവിഹിത സമ്പാദ്യത്തിനുവഴി വയ്ക്കുകയും ചെയ്യുക. ജീവിതാഡംബരം-ധൂർത്ത്-അവിഹിത സമ്പാദ്യം ഈ ശൃംഖല തുടരുകയായിരിക്കും ഫലം. പരമകാരുണികന്റെ അടിമകൾ ചെലവഴിക്കുകയാണെങ്കിൽ പിശുക്കുകയോ ദുർവ്യയം ചെയ്യുകയോ ഇല്ല. അതു രണ്ടിന്റെമിടയിലുള്ള മിതമായ നിലപാടാണ് സ്വീകരിക്കുക.(25:67)

ആഡംബരവും ധൂർത്തും കടന്നുവരുന്ന മാർഗങ്ങളെക്കുറിച്ച് നാം ബോധവാൻമാരാകേണ്ടതുണ്ട്. ജീവിതത്തിലെ ആവശ്യങ്ങളും അത്യാവശ്യങ്ങളും അനാവശ്യങ്ങളും അമിതാവശ്യങ്ങളും യഥാസമയം വേർതിരിക്കാൻ കഴിവ് നേടലാണ് പ്രധാനം. വർത്തമാനകാല സമൂഹം ചെലവിടുന്ന പണത്തിൽ വലിയൊരുഭാഗം അനാവശ്യങ്ങൾക്കും അമിതാവശ്യങ്ങൾക്കുമാണ്. ഇതാവട്ടെ പരിധിയില്ലാതെ ചെലവഴിക്കാൻ മനുഷ്യൻ പ്രേരിതനാകുകയും ചെയ്യും. അത്യാവശ്യങ്ങളുടേയും ആവശ്യങ്ങളുടേയും പേരിലുള്ള പണച്ചെലവുകൾപോലും പലപ്പോഴും ധൂർത്തിൽ കലാശിക്കാറുണ്ട്. നമ്മുടെ ഗാർഹിക-ഭക്ഷണ-വസ്ത്ര സങ്കൽപ്പങ്ങളിലുള്ള മാറ്റമാണിതിന് കാരണം. ഉപഭോഗ സംസ്കാരത്തിന്റെ പിടിയിലമർന്ന മനുഷ്യൻ ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നത് മറ്റുള്ളവരെ അനുകരിച്ചുകൊണ്ടാണ്. ഈ അനുകരണ ഭ്രമം, ധൂർത്ത്, ആഡംബരം എന്നിവക്ക് പുറമെ അസൂയയും കുറ്റവാസനയും ഉണ്ടാക്കാനിടവരുത്തുന്നു.

ആഡംബരത്തിനും ധൂർത്തിനും ഇടം നൽകാത്ത ധനവിനിയോഗ രീതി മുഹമ്മദ് നബി പ്രോത്സാഹിപ്പിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക: " മനുഷ്യപുത്രാ; മിച്ചം വരുന്നത് ചെലവഴിക്കുന്നതാണ് നിനക്ക് നല്ലത്. അത് വച്ചുകൊണ്ടിരിക്കുന്നത് നിനക്ക് ദോഷമാണ്(മുസ്‌ലിം). പണം മിച്ചമുണ്ടാകുമ്പോളാണ് അനാവശ്യങ്ങൾ ആവശ്യങ്ങളായി മനുഷ്യന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. മിച്ചം വരുന്നത് മറ്റുള്ളവരുടെ ജീവിതാവശ്യങ്ങൾക്ക് വേണ്ടി നീക്കിവയ്ക്കുമ്പോൾ ലഭിക്കുന്ന മനസ്സംതൃപ്തിയും കൃതാർഥതയും ജീവിതത്തിന് സാന്ത്വന സ്പർശമേകുന്നു.

"കുടുംബ ബന്ധമുള്ളവന് അവന്റെ അവകാശം നൽകുക, അഗതിക്കും വഴി യാത്രക്കാരനും അപ്രകാരം നൽകുക, നീ ധനം ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവർ പിശാചുക്കളുടെ സഹോദരങ്ങളാകുന്നു. (17 : 27) എന്ന ഖുർആൻ വചനം ധൂർത്ത് വരുന്ന വഴി വ്യക്തമാക്കുന്നു.

ആഡംബരരഹിത ജീവിതം എങ്ങനെ വിജയത്തിലെത്തുന്നുവെന്ന് നബി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്. "മുസ്‌ലിമാകുകയും അത്യാവശ്യം ഉപജീവനത്തിനുള്ളത്